54

# എനിക്ക് അതിശയി ക്കാതിരിക്കാൻ കഴിയാത്ത ഒരു ഉപദേഷ്ടാവ്

## (18:24- 28)

നമുക്കെല്ലാവർക്കും അതിശയമുള്ള ഉപദേഷ്ടാക്കന്മാരുണ്ട്. അതിനെക്കുറിച്ച് ഞാൻ ലിസ്റ്റ് തയ്യാറാക്കിയാൽ, ഞാൻ ഒരുപക്ഷേ എന്റെ യൗവ്വനക്കാലത്ത് എന്നെ സ്വാധീനിച്ച ക്ലൂവിസ് റോഡെസിൽ തുടങ്ങും.[1] ആ ലിസ്റ്റിൽ ഞാൻ, ജോർജ്ജ്. ഡബ്ലിയു.ബെയ്ലി; ടെക്സാസിലെ അബിലീനിൽ കോളേജ് ചർച്ചിലെ അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗം ഞാൻ ഓർക്കുന്നു - 1 കൊരിന്ത്യർ 13 നെ സംബന്ധിച്ചുള്ളതായിരുന്നു അത്. ബാറ്റ്സൽ ബാരെറ്റ് ബാസ്റ്റർ, എബിലീൻ ക്രിസ്റ്റ്യൻ യൂണിവേഴ്സിറ്റിയിൽ പ്രസംഗ പരമ്പരകൾ അവതരിപ്പിച്ചിട്ടുണ്ട്, അതുകൊണ്ട് അയാളും ലിസ്റ്റിൽ വരും. ഞാൻ ഒരുപക്ഷേ ടി.ബി. ലാറിമോർ എന്ന ആളെയും, അദ്ദേഹത്തിന്റെ എഴുത്തുകളിലൂടെ, അദ്ദേഹത്തിന്റെ ആത്മിയമായ എരിവും കാരണം അദ്ദേഹത്തെയും ഉൾപ്പെടുത്തും.

ഈ മനുഷ്യരെ ഞാൻ അതിശയിക്കാൻ കാരണം അവർക്ക് സത്യത്തോടുള്ള സ്നേഹം നിമിത്തമാണ്; ഓരോരുത്തരും തങ്ങളെത്തന്നെ സത്യം പ്രഖ്യാപിക്കുവാൻ സമർപ്പിച്ചിരുന്നു. എങ്ങനെയായാലും, എനിക്ക് അതിശയിക്കാതിരിക്കാൻ കഴിയാതിരുന്ന ഒരുപദേഷ്ടാവ്, ഏതാനും നാൾ സത്യവും അസത്യവും പ്രസംഗിച്ചു. ഈ മനുഷ്യനെ അപ്പൊസ്തല പ്രവൃത്തികൾ 18-ാം അദ്ധ്യായത്തിലെ അവസാനഭാഗത്ത് നാം കാണും; അവന്റെ പേർ അപ്പല്ലോസ് എന്നായിരുന്നു.

പൗലൊസിന്റെ മൂന്നാം മിഷണറി യാത്രയുടെ ആരംഭത്തെക്കുറിച്ചാണ് 18-ാം അദ്ധ്യായം 23-ാം വാക്യം പറയുന്നത്: "അവിടെ [സിറിയ

യിലെ അന്ത്യോക്യയിലും] കുറെ നാൾ താമസിച്ചശേഷം, പുറപ്പെട്ടു, ക്രമ ത്താലെ ഗലാത്യ ദേശത്തിലും ഫ്രുഗ്യയിലും സഞ്ചരിച്ചു ശിഷ്യന്മാരെ ഒക്കെയും ഉറപ്പിച്ചു." അവന്റെ അവസാന ലക്ഷ്യം എഫെസൊസായി രുന്നു (19:1). തലസ്ഥാന നഗരിയിൽ പൗലൊസ് എത്തുന്നതിനെക്കുറിച്ച് ലൂക്കൊസ് പറയുന്നതിന് മുമ്പ്, എങ്ങനെയായാലും അപ്പല്ലൊസിന്റെ സംഭവം എടുത്തുപറഞ്ഞ് പൗലൊസിന്റെ രണ്ട് സന്ദർശനങ്ങൾക്കിടയിൽ നടന്നത് സൂചിപ്പിച്ച് പൗലൊസ് അവസാനം എഫെസൊസിൽ എത്തി യ സാഹചര്യത്തിനായി നമ്മെ ഒരുക്കുന്നു.

വാക്യം 24 തുടങ്ങുന്നു, "അലെക്സെന്ത്രിയക്കാരനായി,[2] വാഗ്വൈഭ വവും തിരുവെഴുത്തുകളിൽ സാമർത്ഥ്യവുമുള്ള അപ്പൊല്ലൊസ്[3] എന്ന് പേരുള്ളൊരു, യെഹൂദൻ എഫെസൊസിൽ എത്തി.[4] " അങ്ങനെ അപ്പൊ ല്ലൊസിനെ, ആദിമ സഭയിലെ ഒരു പ്രമുഖ സുവിശേഷകനായി പരിച യപ്പെടുത്തുന്നു (1 കൊരിന്ത്യർ 3:5, 6; തിത്തൊസ് 3:13). അവന്റെ മാതാ പിതാക്കൾ യെഹൂദന്മാരാണെങ്കിലും, അവൻ മിസ്രയിമിലെ തുറമുഖമാ യി ഘോഷിച്ചിരുന്ന[5] അലെക്സെന്ത്രിയയിലായിരുന്നു ജനിച്ചത്, അത് നൈൽ നദിയുടെ വക്കിൽ നിന്ന് കുറച്ചു മൈലുകൾ മാത്രം അകലെ യാണ്.[6] അലക്സെന്ത്രിയ, മഹാനായ അലക്സാണ്ടർ കണ്ടുപിടിച്ചതും, അവന്റെ പേരിൽ അറിയപ്പെട്ടതുമാണ്, നല്ലൊരു യെഹൂദ ജനസംഖ്യ യുമുണ്ടായിരുന്നു.[7] പഴയ നിയമത്തിന്റെ ഗ്രീക്കു വെർഷനായ, ദ സെപ്റ്റ്വ ജിന്റ്, നിർമ്മിച്ചത് അലെക്സെന്ത്രിയയിലായിരുന്നു. യെഹൂദ ഉപദേഷ്ടാ ക്കന്മാരിൽ പ്രസിദ്ധനായിരുന്ന ഫിലോ, തന്റെ സ്വന്ത പ്രദേശമാക്കി അലെ ക്സിന്ത്രിയയിൽ താമസിച്ചിരുന്നു.[8] അപ്പൊല്ലൊസിന് യോഹന്നാന്റെ സ്നാനം അറിയാമായിരുന്നതുകൊണ്ട് (വാക്യം 25), അവൻ പാലസ്തീ നിലും കുറെക്കാലം ചെലവഴിച്ചേക്കാം, പൗലൊസിനെ പോലെ, യുവാ വായിരുന്നപ്പോൾ, അവിടെ പഠിച്ചുകാണും.[9]

ഞാൻ അപ്പൊല്ലൊസിനെക്കുറിച്ച് വായിച്ചപ്പോൾ, അവനിൽ അതി ശയിപ്പിക്കുന്ന അനേക ഗുണങ്ങൾ കണ്ടു. ഞാൻ അർത്ഥമാക്കിയത് നിങ്ങൾക്ക് കാണിച്ചു തരട്ടെ.

## അവൻ തന്റെ താലന്തുകൾ<br>കർത്താവിന് സമർപ്പിച്ചു (18:24-26)

അപ്പൊല്ലൊസിനെക്കുറിച്ചുള്ള ലൂക്കൊസിന്റെ വിവരണം സൂചിപ്പി ക്കുന്നത് അവൻ നല്ല - വിദ്യാഭ്യാസമുള്ളവനായിരുന്നു എന്നാണ്. അലെ ക്സെന്ത്രിയയിൽ ജനിക്കയും ഒരുപക്ഷേ പാലസ്തീനിൽ സമയം ചെല വഴിക്കയും ചെയ്തതിനാൽ, അവന്റെ കാലത്ത് ലഭിക്കാവുന്ന മതപരവും ലൗകികവുമായ ഏറ്റവും നല്ല പരിശീലനം ലഭിച്ചു. കൂടാതെ, ലൂക്കൊസ് പറയുന്ന അപ്പൊല്ലൊസിന്റെ സാമർത്ഥ്യവും വാഗ്വൈഭവും സംസാരി ക്കുന്നതിനും പ്രേരിപ്പിക്കുന്നതിനുമുള്ള അവന്റെ കഴിവ് വ്യക്തമാക്കു ന്നു.[10] ഒരു മനുഷ്യനിൽ കാണുന്ന ഈ കഴിവുകൾ എന്നെ അതിശയിപ്പി ക്കുന്നതാണ്. (അപ്പൊല്ലൊസിന്റെ വാഗ്വൈഭവം എനിക്കുണ്ടായിരുന്നു വെങ്കിൽ തെറ്റില്ല.)

എങ്ങനെയായാലും, എല്ലാറ്റിലുമുപരി, അപ്പൊല്ലൊസ് തന്റെ താല

ന്തുകൾ ദൈവസേവനത്തിനായി ഉപയോഗിച്ചതിൽ ഞാൻ അതിശയി ക്കുന്നു. അവൻ തന്റെ ബുദ്ധി ദൈവവചനം പഠിക്കുന്നതിന് ഉപയോഗി ച്ചു. അവൻ "കർത്താവിന്റെ മാർഗ്ഗത്തിൽ ഉപദേശം ലഭിച്ചവനായിരുന്നു"[11] (വാക്യം 25). "തിരുവെഴുത്തുകളിൽ [പഴയ നിയമം] സാമർത്ഥ്യവും ഉണ്ടാ യിരുന്നു" (വാക്യം 24). ഒരു "ഉപദേഷ്ടാവ്" എന്ന് വിളിക്കപ്പെടുവാൻ ആദ്യം ആവശ്യമായ പുസ്തകത്തെക്കുറിച്ചുള്ള – അറിവ് അവനുണ്ടാ യിരുന്നു! കൂടാതെ, തനിക്കു സംസാരിക്കുവാനുണ്ടായിരുന്ന കഴിവ് വചന പ്രഖ്യാപനത്തിനായി സമർപ്പിച്ചു. അവൻ "പള്ളിയിൽ" (വാക്യം 26) "യേശുവിനെക്കുറിച്ച്" (വാക്യം 25). പ്രസംഗിച്ചു. കൂടാതെ അപ്പോഴും, വെറും ഒരു അവതരണത്തിൽ മാത്രം തന്റെ സമർപ്പണം മതിയാക്കിയി ല്ല; മറിച്ച്, അവന്റെ *ഹൃദയം* അതിൽ വെച്ചിരുന്നു. അവൻ പ്രസംഗിച്ച പ്പോൾ, "ആത്മാവിൽ എരിവുള്ളവനായി"[12] (വാക്യം 25). "പ്രാഗത്ഭ്യ ത്തോടെ" പ്രസംഗിച്ചു (വാക്യം 26).

വാക്യം 24 മുതൽ 26 വരെ പ്രസംഗത്തിന്റെ ഒരു ചെറിയ പഠന മായി ഉപയോഗിക്കാം. എങ്ങനെയായാലും, നിങ്ങൾ ഒരു ഉപദേഷ്ടാവ് അല്ലെങ്കിലും അതിന് ഒരിക്കലും പദ്ധതിയില്ലെങ്കിലും, നിങ്ങളുടെ താല ന്തുകൾ ദൈവമഹത്വത്തിനായി ഉപയോഗിക്കാം എന്ന തത്വം നിങ്ങളെ ബാധിക്കുന്നു. ദൈവം നിങ്ങളിൽ തന്നിരിക്കുന്ന കഴിവ് നിങ്ങളുടെ സ്വാർത്ഥ ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനല്ല. നിങ്ങളുടെ ജീവി തത്തിലെ ഉത്തരവാദിത്വങ്ങൾ നിയമപരമായി ഉപയോഗിക്കാൻ കഴിയും (1 തിമൊഥെയൊസ് 5:8), എന്നാൽ നിങ്ങളുടെ താലന്തുകൾ അവസാനം കർത്താവിന് മഹത്വകരമായി ഉപയോഗിക്കുക എന്നത് ഒരിക്കലും മറ ക്കരുത് (മത്തായി 5:16).

### താൻ വിശ്വസിച്ചത് അവൻ പ്രാഗത്ഭ്യത്തോടെ പ്രഖ്യാപിച്ചു (18:25, 26)

അപ്പൊല്ലോസിനെ നമുക്കു പരിചയപ്പെടുത്തിയ സമയത്ത്, അവന്റെ കർത്താവിന്റെ ഇഷ്ടത്തെക്കുറിച്ചുള്ള അറിവ് പരിമിതമായിരുന്നു. അവന് പഴയ നിയമ തിരുവെഴുത്തുകൾ അറിയാമായിരുന്നു (വാക്യം 24), മശിഹ യെക്കുറിച്ചുള്ള തിരുവെഴുത്തുകളും (വാക്യം 28). "കർത്താവിനെക്കുറിച്ചു പോലും" (വാക്യം 25) ഏതാണ്ട്, അവന് സം സാരിക്കാൻ കഴിഞ്ഞിരു ന്നു. എങ്ങനെയായാലും, നാം വായിക്കുന്നു, അവൻ "യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മാത്രം അറിഞ്ഞിരുന്നു" (വാക്യം 25). യോഹന്നാൻ സ്നാപകൻ ചുരുക്കമായി അറിഞ്ഞിരുന്നതുകൊണ്ട് അവനും യേശുവി നെക്കുറിച്ച് മാത്രം അറിഞ്ഞിരുന്നു. യോഹന്നാൻ കൊല്ലപ്പെട്ടത് (മത്തായി 14:1–12) യേശു തന്റെ സഭ പണിയുമെന്ന വാഗ്ദാനം ചെയ്യുന്നതിനു മുമ്പാണ് (മത്തായി 16:16–19) – *താമസിയാതെ* യേശു മരിച്ചു, ഉയിർത്തെ ഴുന്നേറ്റു, മഹത്തായ ആജ്ഞ നല്കി, സ്വർഗ്ഗാരോഹണം ചെയ്തു. യോഹ ന്നാൻ വരുവാനിരിക്കുന്ന ആത്മാവിനെക്കുറിച്ച് പറഞ്ഞു (മത്തായി 3:11), എന്നാൽ ആ വാഗ്ദാനനിറവേറ്റലിനെക്കുറിച്ചും (പ്രവൃത്തികൾ 1:4–8; 2:1–4), സഭയുടെ സ്ഥാപനത്തെയും, ക്രിസ്തീയ ആരാധനയെയും കുറിച്ച് അവ നൊന്നും അറിഞ്ഞു കൂടായിരുന്നു.

അപ്പൊല്ലൊസ് യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു എങ്ങനെ അറിഞ്ഞു എന്ന് കർത്താവിന്റെ പരിജ്ഞാനത്തിൽ എന്തുകൊണ്ട് കുറവുള്ളവനായി എന്ന് ലൂക്കൊസ് വിശദമാക്കിയില്ല. ഒരുപക്ഷേ യോഹന്നാന്റെ ശുശ്രൂഷാവേളയിൽ അപ്പൊല്ലൊസ് പാലസ്തീനിൽ ഉണ്ടായിരിക്കയും അവന്റെ ശിഷ്യനായി തീരുകയും ചെയ്തിരിക്കാം (മത്തായി 3:5, 6), അല്ലെങ്കിൽ യോഹന്നാന്റെ ശിഷ്യന്മാർ മിസ്രയിമിലേക്ക് യാത്ര ചെയ്തപ്പോൾ അവനെ പഠിപ്പിച്ചതുമാകാം.[13] പാലസ്തീനിൽ വച്ച് അവൻ യോഹന്നാന്റെ ശിഷ്യനായെങ്കിൽ, ഒരുപക്ഷേ അവൻ മനസിലാക്കിയതായ സുവാർത്ത പ്രചരിപ്പിക്കുവാൻ ഉടനെ രാജ്യം വിട്ട് പോയതാകാം. എങ്ങനെയായാലും, പെന്തെകൊസ്തു (പ്രവൃത്തികൾ 2), നാളിനു ശേഷം അവൻ പാലസ്തീനിൽ താമസിക്കുകയോ യേശുക്രിസ്തുവിന്റെ പരിജ്ഞാനവും അവന്റെ മാർഗ്ഗവും സംബന്ധിച്ച് കൂടുതൽ അറിയുകയോ ചെയ്തിരുന്നില്ല.[14] അതുകൊണ്ട്, അവന് അറിയാവുന്നത് ഉപദേശിച്ചു: യോഹന്നാന്റെ സ്നാനം.

യോഹന്നാന്റെ സ്നാനത്തെക്കുറിച്ച് ഏതാനും ക്രമമായ വാക്കുകൾ. മശിഹയ്ക്ക് വഴി ഒരുക്കുന്നതിനെക്കുറിച്ചുള്ള പ്രവചനനിവർത്തീകരണമായിട്ടാണ് യോഹന്നാൻ വന്നത് (യെശയ്യാവ് 40:3; മലാഖി 4:5, 6; മത്തായി 3:1–3; 17:10–13). അവന്റെ ഒരുക്കത്തിന്റെ ഭാഗമായി, അവൻ തന്റെ കേൾവിക്കാരോട് മാനസാന്തരപ്പെട്ടു അവരുടെ ജീവിതങ്ങളെ മാറ്റുവാൻ കല്പിച്ചു (മത്തായി 3:2; ലൂക്കൊസ് 3:7–14), അവൻ പരിശീലിച്ചത് ഒരുക്കസ്നാനമായിരുന്നു (മത്തായി 3:5, 6). അവന്റെ സ്നാനം വെള്ളത്തിലുള്ള അടക്കമായിരുന്നു (യോഹന്നാൻ 3:23). “പാപങ്ങളുടെ മോചനത്തിനും” വേണ്ടിയായിരുന്നു (മർക്കൊസ് 1:4). അതിനെ “മാനസാന്തര സ്നാനം” എന്നു വിളിച്ചിരുന്നു (മർക്കൊസ് 1:4; പ്രവൃത്തികൾ 13:24; 19:4) കാരണം അത് മാനസാന്തരത്തിന്റെ ഫലത്തെ പ്രകടിപ്പിക്കുന്നതായിരുന്നു. അവന്റെ അടുക്കൽ വന്നവർ “അവരുടെ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട്, അവനാൽ യോർദ്ദാൻ നദിയിൽ സ്നാനമേറ്റു” (മത്തായി 3:6). യോഹന്നാന്റെ ശുശ്രൂഷയിലെ മുഖ്യഭാഗവും സ്നാനമായിരുന്നതുകൊണ്ട് അവൻ “സ്നാപകൻ [അതായത്., നിമഞ്ജനം ചെയ്യുന്നവൻ]” (മത്തായി 3:1). “സ്നാപകൻ” എന്നതിന്റെ അക്ഷരികമായ അർത്ഥം “സ്നാനപ്പെടുത്തുന്നവൻ [അതായത്., നിമഞ്ജനം ചെയ്യുന്നവൻ]” യോഹന്നാന്റെ ശുശ്രൂഷാ സമയത്ത്, അവന്റെ സ്നാനം ദൈവത്തിന്റെ ഉദ്ദേശം സ്വീകരിക്കുന്നവരെയും സ്വീകരിക്കാതിരുന്നവരെയും തമ്മിൽ വേർപിരിക്കുന്നതായിരുന്നു (ലൂക്കൊസ് 7:30).

നമ്മുടെ ഇപ്പോഴത്തെ പഠനം അനുസരിച്ച്, യോഹന്നാന്റെ സ്നാനത്തെക്കുറിച്ച് ഓർമ്മിക്കേണ്ട പ്രാധാന്യം ക്രിസ്തീയ യുഗത്തിൽ ആ ദൈവപദ്ധതി സ്ഥിരമാക്കുവാൻ ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. മഹത്തായ ആജ്ഞയിലെ സ്നാനം പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് (മത്തായി 28:19, 20; മർക്കൊസ് 16:15, 16). അത് “[ക്രിസ്തീയ] കാലം അവസാനിക്കുന്നതുവരെ” തുടരേണ്ടതുമാണ് (മത്തായി 28:20). അതുകൊണ്ട്, ആ, “ഏകസ്നാനം” ആണ് (എഫെസ്യർ 4:5). ഇപ്പോൾ ദൈവത്തിന്റെ പദ്ധതിയിലും ഉദ്ദേശത്തിലും ഉള്ള

ത്. യോഹന്നാന്റെ സ്നാനം മഹത്തായ ആജ്ഞയിലെ സ്നാനം ഉപദേശിക്കയും പരിശീലിക്കയും ചെയ്തു തുടങ്ങിയതു വരെ മാത്രം പ്രാബല്യത്തിലിരുന്നു (പ്രവൃത്തികൾ 2); അതിനുശേഷം അതിനു വിലയില്ല. യോഹന്നാന്റെ സ്നാനത്തിന്റെ കുറവ് എന്തെന്നാൽ യേശുവിനെ സംബന്ധിച്ച അപൂർണ്ണമായ അറിവായിരുന്നു. "തന്റെ പിന്നാലെ വരുന്നവനിൽ വിശ്വസിക്കുവാൻ ..." മാത്രമായിരുന്നു യോഹന്നാൻ തന്റെ അനുയായികളോട് ആവശ്യപ്പെട്ടത് (19:4).

ഞാൻ ഊന്നിപ്പറയാൻ ആഗ്രഹിക്കുന്ന വസ്തുത, എങ്ങനെയായാലും, അപ്പൊല്ലൊസ് അറിഞ്ഞ സ്നാനം പ്രാബല്യത്തിലുണ്ടായിരുന്നതല്ല എങ്കിലും, താൻ വിശ്വസിച്ചത് തീർച്ചയോടെയും എരിവോടെയും പ്രസംഗിച്ചു. അടുത്ത അദ്ധ്യായം തുടങ്ങുന്ന ഭാഗം സൂചിപ്പിക്കുന്നത് അവന്റെ പ്രസംഗം കേട്ട് എഫെസൊസിൽ അസംഖ്യം പരിവർത്തകർ ഉണ്ടായി എന്നാണ് (19:1–6).

അപ്പൊല്ലൊസിനെ ഞാൻ അതിശയിക്കുന്നത് അവൻ തെറ്റ് പ്രസംഗിച്ച *കാരണ*മായിരുന്നില്ല; തെറ്റ് ആത്മാവിനെ നശിപ്പിക്കുന്നതാണ് (യാക്കൊബ് 5:20). അതുപോലെ അവന്റെ അജ്ഞതയും ദൈവത്തെ പ്രസാദിപ്പിച്ചു എന്നും ഞാൻ കരുതുന്നില്ല; അജ്ഞത തെറ്റിനെ കുറച്ചു കാണിക്കുന്നില്ല (പ്രവൃത്തികൾ 17:30; കൂടാതെ റോമർ 10:1–4). ഉടനെ, അപ്പൊല്ലൊസിനെ ഞാൻ അതിശയിക്കാൻ കാരണം അവൻ തെറ്റിൽ തുടർന്നതുകൊണ്ടല്ല അവൻ തന്റെ തീരുമാനങ്ങളിൽ ഉറച്ച് നിന്ന വ്യക്തിയായതുകൊണ്ടാണ് ഞാൻ അവനെ ബഹുമാനിക്കുന്നത്. ഞാൻ എന്റെ ടെലിവിഷൻ പ്രവർത്തിക്കുമ്പോൾ പലവിധത്തിലുള്ള മതങ്ങളെ കുറിച്ച് കാണാറുണ്ട്. ചില ഉപദേഷ്ടാക്കന്മാരെ കേൾക്കുമ്പോൾ അവർ തെറ്റിലാണെന്ന് എനിക്കറിയാമെങ്കിലും, ബഹുമാനിക്കാൻ കഴിയുന്നു; കാരണം സ്പഷ്ടമായും അവർ ചെയ്യുന്നതിൽ ആത്മാർത്ഥയുള്ളവരാണ്. മറ്റുള്ളവരെ എനിക്ക് ബഹുമാനിക്കാൻ കഴിയുന്നില്ല; കാരണം അവരുടെ പ്രവൃത്തികൾ പ്രഖ്യാപിക്കുന്നത് തികച്ചും അവസരവാദികളായി സുവിശേഷത്തെ കച്ചവടവൽക്കരിക്കുകയാണ് (മത്തായി 7:20; 2 പത്രൊസ് 2:3; കെജെവി).

ആത്മാർത്ഥത മാത്രം പോരാ – പൗലൊസ് ക്രിസ്ത്യാനികളെ ഉപദ്രവിക്കുമ്പോൾ അവൻ ആത്മാർത്ഥമായിട്ടാണ് അത് ചെയ്തത് (പ്രവൃത്തികൾ 23:1) – എന്നാൽ കാപട്യം നിറഞ്ഞ ലോകത്തിൽ ആത്മാർത്ഥ ബോധ്യമുള്ള ആളുകളെ കണ്ടെത്തുന്നത് ഉന്മേഷം ജനിപ്പിക്കുന്നതാണ്. ഒരു ലോക നേതാവിനെ പരസ്യ അഭിപ്രായ വോട്ടെടുപ്പിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതും ചില മതപരമായ അദ്ധ്യക്ഷൻമാർ അതേ തത്വം സ്വീകരിക്കുന്നതു കാണാം. "അവർ ഓരോ കാറ്റിനാലും ... അലഞ്ഞുഴലുന്നവർ" ആണ് (എഫെസ്യർ 4:14). എതിർപ്പിന്റെ മദ്ധ്യത്തിൽ തന്റെ മതപരമായ വിശ്വാസങ്ങളിൽ ഉറച്ചു നില്ക്കുന്ന ഒരു മനുഷ്യനെ കാണുമ്പോൾ, ഞാൻ വിചാരിക്കും, "അയാളെ ശരിയായ കർത്താവിന്റെ മാർഗം പഠിപ്പിച്ചാൽ, അയാൾ എത്ര ശ്രേഷ്ഠ ദാസനായി തീരും!" ഇത് നമ്മെ അപ്പൊല്ലൊസിന്റെ അതിശയകരമായ ഗുണങ്ങളിലേക്ക് നയിക്കുന്നു.

## താൻ തെറ്റിലാണെന്നു സമ്മതിക്കാതിരിക്കാൻ അവനിൽ അഹങ്കാരമില്ലാതിരുന്നു (18:26)

ഒരു ശബത്ത് നാളിൽ, അക്വില്ലാസും പ്രിസ്കില്ലയും എഫെസൊസിലെ പള്ളിയിൽ പോയി.[15] 18-ാം അദ്ധ്യായത്തിൽ നാം മുൻപു അക്വിലാസും പ്രിസ്കില്ലയും കൂടാരപ്പണി ചെയ്യുന്നവരായിരുന്നു എന്നു കണ്ടു, പൗലൊസ് സുറിയയിലെ അര്യോക്യയിലേക്കു മടങ്ങിയപ്പോൾ എഫെസൊസിൽ താമസിച്ച അവന്റെ സ്നേഹിതന്മാരായിരുന്നു അവർ (വാക്യം 19). പൗലൊസിനു ഊഷ്മള വരവേല്പ് കൊടുത്ത അതേ പള്ളിയായിരിക്കാം (വാക്യങ്ങൾ 19–21). പ്രസംഗത്തിനു സമയമായപ്പോൾ, അവരെ അതിശയിപ്പിച്ച്, ഒരു അപരിചിതൻ എഴുന്നേറ്റു "പള്ളിയിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കാൻ തുടങ്ങി"[16] (വാക്യം 26). *യേശുവിനെ* കുറിച്ചായിരുന്നു സംസാരിച്ചത് (വാക്യം 25). അക്വിലാസും പ്രിസ്കില്ലയും[17] ആ സാമർത്ഥ്യമുള്ള പ്രസംഗം കേട്ടു, അവനു യോഹന്നാന്റെ സ്നാനത്തെകുറിച്ചും, രക്ഷകനെകുറിച്ചുള്ള പരിജ്ഞാനത്തിലുള്ള കുറവും പെട്ടെന്നു അവർ മനസിലാക്കി. ആരാധനക്കുശേഷം, "അവനെ ചേർത്തുകൊണ്ടു ദൈവത്തിന്റെ മാർഗ്ഗം അധികം സ്പഷ്ടമായി അവനു തെളിയിച്ചു കൊടുത്തു" (വാക്യം 26). ദ NIVയിൽ "അവർ അവനെ വീട്ടിലേക്കു ക്ഷണിച്ചു[18] എന്നും ദൈവത്തിന്റെ മാർഗ്ഗം കൂടുതൽ വ്യക്തമായി വിവരിച്ചു കൊടുത്തു എന്നുമാണ്." അവർ യോഹന്നാന്റെ മുന്നറിയിപ്പുകളോടെ ആരംഭിക്കയും (മത്തായി 3:11) എങ്ങനെ അവയെല്ലാം നിറവേറി എന്നു കാണിച്ചിരിക്കും.

ഒരു തെറ്റു പഠിപ്പിക്കുന്നതു കേട്ടപ്പോൾ പ്രിസ്കില്ലയും അക്വിലാസും എങ്ങനെ അതു കൈകാര്യം ചെയ്തു എന്നതിനെ കുറിച്ച് ഒരു മുഴുവൻ പാഠവും പ്രസംഗിക്കാൻ കഴിയും: (1) കേട്ടപ്പോൾ തെറ്റ് മനസിലാക്കുവാൻ തക്ക അറിവ് അവർക്ക് ഉണ്ടായിരുന്നു. (2) "അവർ ആത്മാർത്ഥതയുള്ളവൻ ആകുന്നേടത്തോളം" തെറ്റ് പ്രസംഗിച്ചാലും കുഴപ്പമില്ല എന്നവർ വിശ്വസിച്ചിരുന്നില്ല. (3) "പൗലൊസ് ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ അവനെ പഠിപ്പിക്കാമായിരുന്നു" എന്നവർ പറഞ്ഞില്ല; ഒരു ഉപദേഷ്ടാവിന്റെ ഉത്തരവാദിത്വം തന്നെ അവരിലും ഉണ്ടെന്ന് അവർ മനസിലാക്കി. (4) അപ്പൊല്ലൊസിന്റെ ഏറ്റവും നല്ല കഴിവുകൾ അവർ വിശ്വസിച്ചു. തെറ്റു പഠിപ്പിക്കുന്ന ഉപദേഷ്ടാവായതുകൊണ്ട് അവനെ അനാദരിക്കണമെന്ന് അവർ കരുതിയില്ല; അവന് ഒരു നല്ല ഹൃദയമുണ്ടെന്നും ഉപദേശങ്ങൾ സ്വീകരിക്കാനുള്ള മനസ് അവനുണ്ടെന്നും അവർ തിരിച്ചറിഞ്ഞു. (5) അപ്പൊല്ലൊസിനെ കുറിച്ച് മറ്റുള്ളവരോടു പറയുന്നതിനു പകരം അവർ നേരെ അവന്റെ അടുക്കലേക്കു പോയി (മത്തായി 18:15). (6) അവർ പരസ്യമായി അപ്പൊല്ലൊസിനെ ലജ്ജിപ്പിച്ചില്ല; മറിച്ച്, അവർ അതു രഹസ്യമായി കൈകാര്യം ചെയ്തു, "അവനെ ചേർത്തുകൊണ്ടു" - ഒരു പക്ഷേ വീട്ടിലേക്കു കൊണ്ടു പോയിരിക്കാം. (7) അവരുടെ സമീപനം മൃദുവും സൗമ്യവുമായിരുന്നു (ഗലാത്യർ 6:1). തെറ്റു പ്രസംഗിച്ചതിനു വിമർശിക്കുന്നതിനു പകരം, അവർ "കർത്താവിന്റെ മാർഗ്ഗം കൂടുതൽ *സ്പഷ്ടമാക്കി*" കൊടുത്തു (എംഫസിസ് മൈൻ). (8) വിശേഷിപ്പിക്കുന്ന വാക്കായ "കൂടുതൽ" എന്നത് അവർ പഠിപ്പിച്ചതിലെല്ലാം "കൂടുതൽ"

"കൃത്യത" അവർ അപ്പൊല്ലൊസിനു ബോധ്യപ്പെടുത്തി എന്നു വ്യക്തം. അങ്ങനെ അപ്പൊല്ലൊസിന്റെ തെറ്റിനെ എതിർക്കുന്നതിനു പകരം, തനിക്കു ലഭിച്ചതിൽ സത്യത്തെ പണിയുകയായിരുന്നു അവർ. ഈ വിധ ത്തിലുള്ള സമീപനത്തിന്റെ ഫലമായി കർത്താവിന്നു വലിയ വിലയുള്ള ഒരു ദാസനായി തീർന്നു എന്നതാണ്.[19]

എങ്ങനെയായാലും, ഒരു നിമിഷം, ഒരു ഉപദേഷ്ടാവിന്റെ കാഴ്ച്ച പ്പാടിൽ ഈ സന്ദർഭം നമുക്ക് ഒന്നു നോക്കാം. നിങ്ങൾ സാമർത്ഥ്യവും വാഗ്വൈഭവവും ഉള്ള ആളെന്നു വിചാരിക്കുക, നിങ്ങൾ പള്ളിയിൽ പ്രസംഗിക്കുന്നു. നിങ്ങളുടെ ഹൃദയം തുറന്നു, കേൾവിക്കാരെ ബോധ്യ പ്പെടുത്താൻ ശ്രമിക്കുന്നു. എങ്ങനെയായാലും, കേൾവിക്കാരിൽ മിക്ക പേരും കഠിന ഹൃദയവും ക്രൂരമനോഭാവമുള്ളവരും ആണ്. ആരാധ നക്കു ശേഷം, നിങ്ങൾ തളർന്നു നിരുത്സാഹപ്പെട്ടു; അപ്പോൾ ഒരു ദമ്പ തിമാർ നിങ്ങളെ അവരുടെ വീട്ടിലേക്കു ക്ഷണിക്കുന്നു, സംഭാഷണം നിങ്ങളുടെ പ്രസംഗത്തിലേക്കു തിരിയുന്നു നിങ്ങളുടെ പ്രസംഗത്തിൽ നിറയെ തെറ്റുകൾ ഉണ്ടായിരുന്നു എന്നു ധിക്കാരത്തോടെ അവർ പറ യുന്നു! നിങ്ങൾ അതിനെ എങ്ങനെ പ്രതികരിക്കും? അപ്പൊല്ലൊസിനു വേണമെങ്കിൽ എളുപ്പത്തിൽ ഇങ്ങനെ പ്രതികരിക്കാമായിരുന്നു: "എന്നെ വിമർശിക്കാൻ, നിങ്ങളാരാ? ഞാൻ യെരുശലേമിലെ, അലെക്സന്ത്രിയ യിൽ പഠിച്ചതും ജീവിക്കുന്നവരിൽ ഏറ്റവും വലിയ റബ്ബിമാർ പഠിപ്പിച്ച തുമാണ്! നിങ്ങൾക്കു അറിയാവുന്നതിനേക്കാൾ നൂറു മടങ്ങു വാക്യങ്ങൾ എനിക്കറിയാം! അങ്ങനെയുള്ള നിങ്ങൾ ആണോ എന്നെ ഉപദേശിക്കാൻ ഒരുങ്ങുന്നത്?"

വസ്തുത എന്തെന്നാൽ പ്രിസ്കില്ലക്കും അക്വിലാസിനും അപ്പൊ ല്ലൊസിനോടു "ദൈവത്തിന്റെ മാർഗ്ഗം കൂടുതൽ സ്പഷ്ടമാക്കി" കൊടു പ്പാൻ കഴിഞ്ഞു എന്നതു അപ്പൊല്ലൊസിന്റെ ഹൃദയത്തെ നമ്മിൽ കാണിച്ചു തരുന്നു. അവൻ നല്ല വിദ്യാഭ്യാസം ഉള്ളവനായിരുന്നെങ്കിലും, എല്ലാം അറിയാമെന്ന വിചാരം അവനിൽ ഇല്ലായിരുന്നു. അവനു തീർച്ച യുള്ള കാര്യങ്ങൾ പ്രാഗത്ഭ്യത്തോടെ സംസാരിക്കാൻ കഴിഞ്ഞിരുന്നെ ങ്കിലും, അവനു ശ്രദ്ധിക്കുവാനുള്ള ഒരു തുറന്ന മനസ്സ് ഉണ്ടായിരുന്നു. ഏറ്റവും പ്രാധാന്യം അവൻ സത്യത്തെ സ്നേഹിച്ചു എന്നതാണ് (2 തെസ്സലൊനിക്യർ 2:10); തന്റെ അഹങ്കാരത്തേക്കാൾ സത്യമായിരുന്നു അവന്നു പ്രധാനം. അങ്ങനെ, പ്രിസ്കില്ലയും അക്വിലാസും അവനെ പഠി പ്പിച്ചപ്പോൾ തന്റെ തെറ്റ് അവൻ സമ്മതിച്ചു. ഇതു ഒരു മനുഷ്യനിൽ കാണുന്ന അപൂർവ്വഗുണമാണ്.

പ്രവൃത്തികൾ 18:24-26 ചർച്ച ചെയ്യുമ്പോൾ, ഇവിടെ സാധാരണ ആരെങ്കിലും ചോദിച്ചേക്കാം, "അപ്പൊല്ലൊസിനെ പുന:സ്നാനം ചെയ്യിക്കണ്ടേ - അടുത്ത പാഠത്തിലെ ശിഷ്യന്മാരെ പോലെ?" ഈ ചോദ്യം ഒരു മണിക്കൂറെങ്കിലും ചർച്ച ചെയ്യാനുള്ളതാണ്,[20] അവസാനം ആരും കൂടുതൽ ബുദ്ധിയുള്ളവരാകുന്നില്ല.[21] ലൂക്കൊസ് നമ്മോടു പറ യുന്നതു ഉചിതമാണ് - കാരണം ഒരു പക്ഷേ അതു നമ്മെ നേരിട്ടു ബാധി ക്കുന്നില്ലായിരിക്കാം (യേശു മരിക്കുന്നതിനു മുൻപ് യോഹന്നാന്റെ സ്നാനം ഏറ്റവർ ആരും ഇന്നു ജീവനോടെ ഇല്ല). നമുക്ക് തീർച്ചയായും

പറയാവുന്ന കാര്യം അപ്പൊല്ലോസിനു സ്നാനം വേണമായിരുന്നെങ്കിൽ, അവൻ ഏറ്റുകാണും, ആവശ്യമില്ലായിരുന്നെങ്കിൽ, ഏറ്റു കാണുകയില്ല. നമ്മുടെ വേദഭാഗത്തിൽ നിന്നും ഈ ഉപദേഷ്ടാവ് ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആവശ്യമായതെല്ലാം ചെയ്യുവാൻ അവനു മനസായിരുന്നു.

നമ്മെ സംബന്ധിച്ചോ? അപ്പൊല്ലോസിനെപ്പോലെ നമുക്കു നല്ല ഹൃദയമാണോ ഉള്ളത്? നമ്മെ ഉപദേശിക്കാമോ? നാം തുറന്ന - മനസ്സുള്ളവരോ? നാം വിശ്വസിച്ചിരുന്നതിനു എതിരായി സത്യം കേൾക്കുമ്പോൾ, തെറ്റു സമ്മതിക്കുവാൻ നമ്മുടെ അഹങ്കാരത്തെ വിഴുങ്ങുവാൻ തക്ക വലിപ്പം നമുക്ക് ഉണ്ടോ?

## തന്റെ സേവനത്തിൽ അവൻ വളർന്നുകൊണ്ടിരുന്നു (18:27, 28)

ഞാൻ പഠിപ്പിച്ചതു സത്യമെന്നു സമ്മതിച്ച ചില ആളുകളോട് "ദൈവത്തിന്റെ മാർഗ്ഗം ഞാൻ കൂടുതൽ സ്പഷ്ടമാക്കി കൊടുത്തെങ്കിലും മാറുവാൻ അവർ കൂട്ടാക്കില്ല," കാരണം അവർ തങ്ങളുടെ കുടുംബാംഗങ്ങൾ, സ്നേഹിതന്മാർ, മറ്റുള്ളവർ എന്തു പറയും, എന്തു ചെയ്യും എന്ന ഭയത്താൽ. അതിനു വിപരീതമായി, അപ്പൊല്ലോസ് താഴ്മയുടെ വില കൊടുത്തു. അടുത്ത ശബ്ബത്തിൽ, അവൻ പള്ളിയിൽ ചെന്നു, പല മുഖ്യകാര്യങ്ങളിലും അവനു പറ്റിയ തെറ്റു ഏറ്റു പറഞ്ഞു കാണും എന്ന് ഞാൻ ഊഹിക്കുന്നു, പിന്നെ അവൻ പഠിച്ച പുതിയ സത്യങ്ങളും ധൈര്യത്തോടെ പ്രസംഗിച്ചു കാണും. നമ്മളിൽ പലരേയും പോലെയല്ല, ഈ ഉപദേഷ്ടാവ് പരിജ്ഞാനത്തിലും യജമാനനു വേണ്ടിയുള്ള സേവനത്തിലും അവൻ വളർന്നുകൊണ്ടിരുന്നു.

കുറെ കഴിഞ്ഞ്,[22] അപ്പൊല്ലോസ് അഖായയിൽ കണ്ണു വെച്ചു, പൗലൊസ് അവസാനം പ്രവർത്തിച്ചതായ ഗ്രീസിലെ സ്ഥലമായിരുന്നു. "അവൻ അഖായയിലേക്കു പോകുവാൻ ഇഛിച്ചപ്പോൾ,[23] സഹോദരന്മാർ[24] അവനെ ഉത്സാഹിപ്പിക്കയും[25] അവനെ കൈക്കൊള്ളേണ്ടതിനു ശിഷ്യന്മാർക്കു എഴുതുകയും ചെയ്തു"[26] (വാക്യം 27). പൗലൊസ് വേല ചെയ്തിരുന്ന കൊരിന്തായിരുന്നു അപ്പൊല്ലോസിന്റെ ലക്ഷ്യം (19:1).

അപ്പൊല്ലോസ് കൊരിന്തിൽ എത്തിയപ്പോൾ, ക്രിസ്ത്യാനികളായിത്തീർന്നവർക്കിടയിലും, ക്രിസ്ത്യാനികളായി തീരേണ്ടവർക്കിടയിലും അവൻ പ്രവർത്തിച്ചു. ആദ്യം, സഭയിലുള്ളവർക്കു അവൻ "വലിയ സഹായമായി," "കൃപയാൽ വിശ്വസിച്ചവർക്ക്"[27] (18:27). കൊരിന്തിലെ ക്രിസ്ത്യാനികൾ ഹാർദ്ദവമായിട്ടാണ് അവനെ സ്വീകരിച്ചത് (1 കൊരിന്ത്യർ 1:12; 3:4, 22; 4:6).[28] "യെഹൂദന്മാരോട് അവൻ പരസ്യമായും ശക്തമായും ഖണ്ഡിച്ചുകൊണ്ടിരുന്നു" (പ്രവൃത്തികൾ 18:28), അതു അവൻ പ്രിസ്കില്ലയിൽ നിന്നും അക്വിലാവിൽ നിന്നും പഠിച്ചതു പ്രയോജനപ്പെടുത്തിക്കൊണ്ടായിരുന്നു, "യേശു തന്നെ ക്രിസ്തു എന്നു തിരുവെഴുത്തുകൾ തെളിയിച്ചുകൊണ്ടിരുന്നു" (വാക്യം 28). ഈ യെഹൂദന്മാരായിരുന്നു പൗലൊസിനെ പകെച്ചു ഗല്ലിയോന്റെ അടുക്കലേക്ക് അവനെ വലിച്ചിഴച്ചത് (വാക്യങ്ങൾ 12-17). അവർക്കിടയിൽ പൗലൊസിനേക്കാൾ അപ്പൊ

ല്ലോസ് വിജയിച്ചു. അതു അങ്ങനെയായിരുന്നെങ്കിൽ, വ്യത്യസ്ത താല ന്തുകളുള്ള ഉപദേഷ്ടാക്കന്മാർ സഭയിൽ വിലപ്പെട്ടതാണെന്നു അതു കാണിക്കുന്നു ലൂക്കൊസിന്റെ വാക്കുകളിൽ സ്പർദ്ധയോ അസൂയയോ ഉണ്ടായതായിട്ടില്ല. പൗലൊസ് പിന്നീട് കൊരിന്ത്യർക്ക് എഴുതി: “അപ്പൊ ല്ലോസ് ആർ?പൗലൊസ് ആർ? തങ്ങൾക്കു കർത്താവു നല്കിയതു പോലെ, നിങ്ങൾ വിശ്വസിപ്പാൻ കാരണമായിത്തീർന്ന ശുശ്രൂഷകന്മാര ത്രെ. ഞാൻ നട്ടു, അപ്പൊല്ലൊസ് നനെച്ചു, ദൈവമത്രേ വളരുമാറാക്കി യത്” (1 കൊരിന്ത്യർ 3:5, 6).

നിങ്ങളും ഞാനും തിരുവെഴുത്തുകൾ മനസിലാക്കുന്നതിലും നമ്മുടെ രാജാവിനെ സേവിക്കുന്നതിലും നാം ഇപ്പോഴും വളരുന്നുണ്ടോ? നാം പഴയ പാതയിൽ സ്വയം തൃപ്തി അടങ്ങിയിരിക്കാൻ സാദ്ധ്യതയില്ലേ? യേശു നമ്മോടു പറയും, “നിങ്ങൾ തല പൊക്കി നോക്കിയാൽ നില ങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നു എന്നു കാണും” (യോഹന്നാൻ 4:35); “കൊയ്ത്തിനു വളരെ ഉണ്ട് സത്യം, വേലക്കാരോ ചുരുക്കം” (മത്തായി 9:37). അവന്റെ കൊയ്ത്തിൽ പ്രയോജനമുള്ള വേല ക്കാരായിത്തീരാൻ കർത്താവു നമ്മെ സഹായിക്കട്ടെ!

**ഉപസംഹാരം**

അപ്പൊല്ലൊസിനെ പ്രവൃത്തികളുടെ പുസ്തകത്തിൽ നാം അവസാ നമായി വായിക്കുന്നത് പ്രവൃത്തികൾ 18:23-19:1 വരെയുള്ള ഭാഗത്താ ണ്. എപ്പോഴോ, അവൻ എഫെസൊസിലേക്കു മടങ്ങിപോകയും അവിടെ വെച്ചു പൗലൊസിന്റെ സ്നേഹിതനാകയും ചെയ്തു (1 കൊരിന്ത്യർ 16:12). വളരെ നാൾ കഴിഞ്ഞ്, അവനും മറ്റൊരു സഹോദരനും ചേർന്ന് പൗലൊ സിന്റെ സഹായി ആയിരുന്ന, തിത്തൊസ് ഉണ്ടായിരുന്ന സ്ഥലമായ ക്രേത്തയിലെക്കു പോകുവാൻ ഒരുങ്ങി (തിത്തൊസ് 3:13). അതിനു പുറ മേ, അപ്പൊല്ലൊസിന്റെ ശേഷിച്ച പ്രവർത്തനങ്ങളെക്കുറിച്ചു നമുക്ക് ഒന്നു മറിയില്ല. എങ്ങനെയായാലും, വിലയുള്ള അവന്റെ താലന്തുകൾ യേശു വിനെക്കുറിച്ചുള്ള സുവാർത്ത പ്രചരിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കും എന്നുറപ്പാണ്.

ഈ പാഠത്തിലുടനീളം അപ്പൊല്ലൊസിന്റെ സംഭവത്തിൽ നിന്നു നമുക്ക് അനേക പാഠങ്ങൾ പഠിക്കാൻ കഴിയുമെന്നു ഞാൻ സൂചിപ്പിച്ചു വല്ലൊ. അവസാനമായി, രണ്ടു കാര്യങ്ങൾ ഞാൻ ഓർപ്പിക്കുന്നു: (1) ആരെങ്കിലും തെറ്റ് ഉപദേശിക്കയോ പഠിപ്പിക്കയോ ചെയ്യുമ്പോൾ, പ്രിസ്കില്ലയുടെയും അക്വിലാസിന്റെയും മനോഭാവത്തോടെ സമീപി ക്കുക. (2) നമുക്കു ദൈവത്തിന്റെ വഴിയിൽ നിർദേശങ്ങൾ ആവശ്യ മായി വരുമ്പോൾ ദൈവത്തിന്റെ ആവശ്യങ്ങൾ കൂടുതൽ കൃത്യതയോടെ ആവശ്യമായി വരുമ്പോൾ നമുക്കു അപ്പൊല്ലൊസിന്റെ താഴ്മ എടുക്കാം. തന്നെ ഉപദേശം ആവശ്യമെന്നു വരുമ്പോൾ നമുക്ക് താഴ്മയാണ് ആവശ്യം. നമുക്ക് അധികം പേർക്കും പ്രിസ്കില്ല, അഭ്യുദാസ്, അപ്പൊ ല്ലൊസ് എന്നിവരുടെ പ്രിയ ആത്മാക്കളുണ്ടെങ്കിൽ ഇന്നു നമുക്കു ചുറ്റും കാണുന്ന മതപരമായ കലക്കവും ഭിന്നതയും അപ്രത്യക്ഷമാകും.

അപ്പൊല്ലോസിന്റെ സ്വഭാവം പഠിക്കുന്നതിനു നിങ്ങൾക്കു വേണമെങ്കിൽ ഈ പാഠത്തെ അവതരിപ്പിക്കാം. അങ്ങനെയെങ്കിൽ, അവന്റെ പിന്നീടുള്ള പ്രവർത്തനങ്ങളെ വിപുലീകരിക്കുക, പ്രത്യേകിച്ച് കൊരിന്തിലേക്ക്. നിങ്ങൾക്ക് മാർട്ടിൻ ലൂദറും (മറ്റു പലരും) അപ്പൊല്ലൊസ് എബ്രായ ലേഖനം എഴുതിയതെന്ന് വിശ്വസിക്കുകയും, ചേർക്കാം, അങ്ങനെ വിശ്വസിക്കാൻ കാരണം അലക്സന്ത്രിയയിൽ പഠിപ്പിച്ചിരുന്ന വാഗ്വൈഭവം അതിലുള്ളതാകാം അത് അങ്ങനെ ആണെങ്കിലും, അപ്പൊല്ലൊസിന് അതു എഴുതുവാനുള്ള മികവുള്ളതുകൊണ്ടാണല്ലോ അങ്ങനെ വിചാരിക്കുന്നത്. അതു അവന്റെ കഴിവുകളെ സാക്ഷ്യപ്പെടുത്തുകയാണ്.

നിങ്ങൾ പ്രവൃത്തികളുടെ പുസ്തകത്തിലെ പരിവർത്തനങ്ങൾ പരമ്പരയായി പ്രസംഗിക്കാൻ തീരുമാനിക്കയാണെങ്കിൽ, ഒരു പ്രസംഗാവതാരണമായി “ഒരു ഉപദേഷ്ടാവിന്റെ പരിവർത്തനം” എന്ന് തലവാചകം കൊടുക്കാം (“പരിവർത്തനം” എന്ന വാക്കിന്റെ അക്ഷരിക അർത്ഥം “മാറുക” എന്നാണ്) എന്ന് ഓർമ്മിക്കുമല്ലോ. ഈ ലളിതമായ രൂപരേഖ നിങ്ങൾക്കുപയോഗിക്കാം.

I. പരിവർത്തനം ആവശ്യമായ ഒരു ഉപദേഷ്ടാവ്
   A. ഈ ഉപദേഷ്ടാവിനു അനേകം നല്ല ഗുണങ്ങൾ ഉണ്ടായിരുന്നു.
   B. സ്നാനത്തെ സംബന്ധിച്ചു അവൻ തെറ്റിലായിരുന്നു.

II. പരിവർത്തനം ചെയ്ത ഉപദേഷ്ടാവ്
   A. അവന്റെ തെറ്റു ചിലർ സൂചിപ്പിച്ചതുകൊണ്ടാണ് അവൻ പരിവർത്തനം ചെയ്തത്.
   B. തന്റെ തെറ്റു സമ്മതിക്കുവാനുള്ള മനസുണ്ടായ തുകൊണ്ടായിരുന്നു അവൻ പരിവർത്തനം ചെയ്തത്.

യുവാക്കളായ ഉപദേഷ്ടാക്കന്മാർക്ക് വിലമതിക്കുന്ന പാഠമായി 24 മുതൽ 26 വരെയുള്ള വാക്യങ്ങൾ ഉപയോഗിക്കുക. അവസാനത്തെ പോയിന്റ് “എപ്പോഴും എന്തെങ്കിലും നിങ്ങൾക്കു പഠിക്കേണ്ടതുണ്ടായിരിക്കും” എന്നാണ്.

പ്രിസ്കില്ലയും അക്വില്ലാസും എങ്ങനെ അപ്പൊല്ലോസിനെ ഉപദേശിച്ചു എന്നതിനെക്കുറിച്ചു എട്ടു ആശയങ്ങൾ നല്കിയതിനെ ഒരു പാഠമായി വിപുലീകരിക്കാം “തെറ്റിപ്പോകുന്നവരെക്കുറിച്ചുള്ള കരുതൽ” (റിക് ആച്ച്ലെ ഉപയോഗിച്ച തലവാചകം). ഞാൻ തെറ്റിലാണെന്ന് വിശ്വസിച്ചവരെ സമീപിച്ചതെങ്ങനെ എന്ന് ഓർക്കുമ്പോൾ ചൂളിപ്പോയിട്ടുണ്ട്. “മൃദുവാകാതെ” തന്ത്രങ്ങൾ ആവിഷ്കരിക്കാൻ സാദ്ധ്യതയുണ്ട്.

കുറിപ്പുകൾ

[1]എന്നെ സ്വാധീനിച്ച നൂറുകണക്കിനു അറിയപ്പെടുന്ന സുവിശേഷ പ്രാസംഗികന്മാർ വേറെയുമുണ്ട്, അവരെ ഈ "ചെറിയ ലിസ്റ്റിൽ" ഉൾപ്പെടുത്താതിരുന്നതിൽ ഖേദിക്കുന്നു. ഈ പാഠം പ്രസംഗമായിട്ട് എടുക്കുകയാണെങ്കിൽ, ഇതിനു പകരം വേറെ നിങ്ങൾക്കു ലിസ്റ്റ് തയ്യാറാക്കാം. [2]"അപ്പൊല്ലൊസ്" എന്നതു "അപ്പൊല്ലൊണിയോസ്" എന്നതിന്റെ ചുരുക്കപ്പേരാണ്. [3]ഗ്രീക്കു വാക്കു തർജ്ജിമ ചെയ്ത "ബൈ ബെർത്ത്" അർത്ഥം "ബൈ റേസ്" എന്നതു, സൂചിപ്പിക്കുന്നത് അപ്പൊല്ലൊസ് അലെക്സെന്ത്രിയയിൽ ജനിച്ചു വളർന്നു എന്നാണ്. [4]ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്ത "എലക്വന്റ്" എന്നതിന് "ലേൺഡ്" എന്നും അർത്ഥമുണ്ട് (എൻ.ഐ.വി നോക്കുക). [5]അലെക്സെന്ത്രിയ ലോകത്തിലെ ഒരു വലിയ വിദ്യാഭ്യാസ കേന്ദ്രമായിരുന്നു. അവിടെ ലോകത്തിലെ ഏറ്റവും വലിയ വായനശാലയുമുണ്ടായിരുന്നു - ഏകദേശം 700,000 വാല്യങ്ങൾ. [6]ഈ പാഠത്തിലെ "പൗലൊസിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും മിഷണറി യാത്രയുടെ പടം" നോക്കുക. [7]ചിലർ വിചാരിക്കുന്നത് അലെക്സന്ത്രിയയിലെ ജനസംഖ്യയിൽ നാലിൽ - ഒന്ന് യെഹൂദന്മാരായിരുന്നു എന്നാണ്. [8]ഫിലൊ പൗലൊസിന്റെയും അപ്പൊല്ലൊസിന്റെയും കാലത്ത് ജീവിച്ചിരുന്ന ആൾ ആയിരുന്നു. [9]പല രീതിയിലും പൗലൊസിന്റെയും അപ്പൊല്ലൊസിന്റെയും പശ്ചാത്തലങ്ങൾ ഏതാണ്ട് ഒരു പോലെ ആയിരുന്നു. പൗലൊസ് തർസൊസിൽ ജനിച്ചു, അതും പഠനകേന്ദ്രമായിരുന്നു. രണ്ടു പേരും വർദ്ധിച്ച താലന്തുകൾ ഉള്ളവരും ദൈവത്തിനു സമർപ്പിക്കപ്പെട്ടവരും ആയിരുന്നു. കൂടാതെ, നാം അവരെ ആദ്യം കണ്ടപ്പോൾ രണ്ടു പേരും തെറ്റിലായിരുന്നു. [10]റെറ്റോറിക് (ഒരു തരം സംസാരം) അലെക്സന്ത്രിയയിലെ സ്കൂളുകളിലെ പ്രധാന പഠനമായിരുന്നു.

[11]"മാർഗ്ഗം" എന്നതു ക്രിസ്ത്യാനിത്വത്തെ സൂചിപ്പിക്കുന്നത്, എന്നാൽ "കർത്താവിന്റെ മാർഗ്ഗം" യോഹന്നാൻ സ്നാപകന്റെ ഉപദേശത്തിലെ പരിമിതി സൂചിപ്പിക്കുന്നു (മത്തായി 3:3; മർക്കൊസ് 1:3; ലൂക്കൊസ് 3:4; യോഹന്നാൻ 1:23). [12]കുറെ "വ്യക്തിഗത" തർജ്ജിമകൾ ഈ പദം സ്വീകരിച്ചിട്ടുണ്ട് "ഫെർവെന്റ് ദ സ്പിരിറ്റ്" (അതായത്., പരിശുദ്ധാത്മാവ്). ഈ പദത്തിന്റെ മറ്റൊരു ഉപയോഗം കാണാൻ റോമർ 12:11 നോക്കുക. [13]വെസ്റ്റേൺ ടെക്സ്റ്റ് സൂചിപ്പിക്കുന്നത് അലെക്സെന്ത്രിയായിൽ നിന്നാണ് അപ്പൊല്ലൊസ് യോഹന്നാന്റെ സ്നാനത്തെ പഠിച്ചത് എന്നാണ്. എന്റെ അദ്ധ്യാപകൻ, ജെ.ഡബ്ലിയു. റോബെർട്ട്സ്, പറഞ്ഞു, ലൗകിക എഴുത്തുകൾ അനുസരിച്ച്, യോഹന്നാന്റെ ശിഷ്യന്മാർ യേശുവിനെ മശിഹയായി സ്വീകരിക്കാതിരുന്നതുകൊണ്ട് "യോഹന്നാന്റെ സുവിശേഷം" പ്രസംഗിച്ചുകൊണ്ടിരുന്നു എന്നാണ്. [14]യോഹന്നാന്റെ പ്രസംഗം നടന്ന് ഇരുപത്തി - അഞ്ചു വർഷം കഴിഞ്ഞതുകൊണ്ട്, ഇതു മർമ്മമായി അവതരിപ്പിച്ചതാണെന്നു വരും; ഈ വർഷങ്ങളിൽ അവൻ ക്രിസ്ത്യാനികളുമായി ബന്ധപ്പെടാതിരിക്കാൻ സാദ്ധ്യതയുണ്ട്. എങ്ങനെയായാലും, ഈ കാലദൈർഘ്യം സൂചിപ്പിക്കുന്നത് അപ്പൊല്ലൊസ് യോഹന്നാന്റെ സ്നാനത്തെ പഠിച്ചതു, യോഹന്നാനാലല്ല, പിന്നെയോ യോഹന്നാന്റെ ശിഷ്യന്മാരാൽ ആകാം. [15]അവർ ആരാധിക്കാൻ പോയി എന്നാണ് പൊതുവിൽ കരുതുന്നത് മുൻപു കണ്ടതുപോലെ, ഒരു പക്ഷേ ആയിരിക്കാം; ഇതൊരു മാറ്റ സമയമായിരുന്നു. എങ്ങനെയായാലും, ഒരുപക്ഷേ, പൗലൊസ് പോയ അതേ ഉദ്ദേശത്തോടെയാകാം അവർ പോയത് - പഠിപ്പിക്കാൻ ഗുണമുള്ള ഹൃദയങ്ങളെ തേടി. [16]പൗലൊസിനെ പോലെ, അപ്പൊല്ലൊസും ഒരു പുതിയ സമൂഹത്തിൽ ചെന്നു തന്റെ പ്രവർത്തനം പള്ളിയിൽ തുടങ്ങി കാണും. [17]26-ാം വാക്യത്തിൽ വെസ്റ്റേൺ ടെക്സ്റ്റ് അക്വിലാസിനെയാണ് ആദ്യം പറയുന്നത് (KJV നോക്കുക), എന്നാൽ നല്ല കയ്യെഴുത്തു പ്രതികളിൽ പ്രിസ്കില്ലയാണ് ആദ്യം വരുന്നത്. അത് ആദിമ സഭയിൽ അവളുടെ പ്രാമുഖ്യത്തെ സൂചിപ്പിക്കുന്നു. ചിലർ വിചാരിക്കുന്നത് അവൾ ഉപദേഷ്ടാവിനെ തിരുത്തുവാൻ തക്കവണ്ണം അവളുടെ സഭയിലെ പങ്കാളിത്വം വ്യക്തമാക്കുന്നു എന്നാണ്. മറ്റൊരു വിധത്തിൽ, പ്രിസ്കില്ലയും അക്വിലാസും അപ്പൊല്ലൊസിനെ വീട്ടിലേക്കു കൊണ്ടുപോയെങ്കിൽ, അക്വിലാസ് അപ്പൊല്ലൊസിനെ ഉപദേശിക്കുമ്പോൾ പ്രിസ്കില്ല ചായയും മറ്റും ഉണ്ടാക്കുകയായിരുന്നില്ല

(ഞാൻ യുവാവായ ഉപദേഷ്ടാവായിരുന്നപ്പോൾ, പ്രായമായ സഹോദരിമാർ എന്നെ ചിലകാര്യങ്ങളിൽ തിരുത്തുമായിരുന്നു – "ദൈവത്തിന്റെ മാർഗ്ഗം കൂടുതൽ സ്പഷ്ട മാക്കി") എങ്ങനെയായാലും, ശ്രദ്ധിക്കുക, ഇതു രഹസ്യമായ ഉപയോഗമായിരുന്നു, അല്ലാതെ *പരസ്യമായ* സ്ത്രീകളുടെ പ്രസംഗമായിരുന്നില്ല. [18]മൂലഗ്രന്ഥത്തിൽ "അവർ അവനെ സ്വീകരിച്ചു" എന്നു മാത്രം. ചില തർജ്ജിമക്കാർ "എസൈഡ്" എന്നും; വേറെ ചിലർ "അവരുടെ വീട്ടിലേക്ക്" എന്നും കാണാം. അവർ അത്താഴത്തിനു അവരുടെ വീട്ടിലേക്ക് അവനെ ക്ഷണിച്ചു എന്നു ഉചിതമായി ഊഹിക്കാം. കൂടുതൽ *ഭവന സുവി ശേഷീകരണത്തിന്റെ* ആവശ്യകത ബോധ്യപ്പെടുന്നു. [19]ഇപ്പോഴും പഠിക്കേണ്ട പുതിയ ഉപദേഷ്ടാക്കന്മാർക്ക് ഇതു പ്രായോഗികമാക്കാം. നിരുത്സാഹപ്പെട്ട യുവ ഉപദേഷ്ടാക്കളെ "നേരെ ആക്കുന്നതിനാണ്." [20]എന്റെ അഭിപ്രായം എന്തെന്നാൽ യേശുവിന്റെ മരണത്തിനു മുൻപ് യോഹന്നാന്റെ സ്നാനം ഏറ്റവർ സഭ സ്ഥാപിക്കപ്പെട്ട ശേഷം വീണ്ടും സ്നാനമേല്ക്കേണ്ട ആവശ്യമില്ലായിരുന്നു എന്നാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "ദൈവം അവരെ സഭയിലേക്കു ചേർക്കും." യോഹന്നാന്റെ സ്നാനമേറ്റവർ ഉദാഹരണങ്ങളാണ് (ലൂക്കൊസ് 7:29, 30; യോഹന്നാൻ 1:25-51; 3:22, 26; 4:1, 2). പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാർ സ്നാനമേറ്റു എന്നതു ഞാൻ സംശയിക്കുന്നു. കൂടാതെ, 25-ാം വാക്യത്തിലെ "ആത്മാവ്" സൂചിപ്പിക്കുന്നതു പരിശുദ്ധാത്മാവിനെയാണ്. ഇതു സൂചിപ്പിക്കുന്നത് അപ്പൊല്ലൊസ് ഒരു ക്രിസ്ത്യാനിയായി കഴിഞ്ഞിരിക്കുന്നു എന്നും അതുകൊണ്ട് സ്നാനം ആവശ്യമില്ല എന്നുമാണ്. വീണ്ടും ഞാൻ ഊന്നിപ്പറയട്ടെ, എങ്ങനെയായാലും, ഈ ചർച്ച മുഴുവനും ഊഹമത്രേ. അഭിപ്രായം മറ്റൊരാളിൽ അടിച്ചേല്പിക്കാവുന്നതല്ല. (ഈ ചോദ്യത്തെ കൂടുതൽ പഠിക്കുവാൻ, ജെ.ഡബ്ലിയു. മെക്ഗാർവെയുടെ, *ന്യൂ കമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 2 [ഡിലൈറ്റ്, ആർക്ക്: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., എൻ.ഡി.], 151, 152.)

[21]മറ്റു പ്രശ്നങ്ങളിൽ, പെന്തെക്കൊസ്തിനു മുമ്പാണോ, അതോ പെന്തെക്കൊസ്തിനു ശേഷമാണോ അപ്പൊല്ലൊസ് യോഹന്നാന്റെ സ്നാനത്തെ പഠിച്ചത് എന്നു ലൂക്കൊസ് പറയുന്നില്ല. ചർച്ചകളിൽ അധികവും ഊഹിക്കുന്നത് പെന്തെകൊസ്തു നാളിനു മുൻപു അപ്പൊല്ലൊസ് സ്നാനപ്പെട്ടിരിക്കാമെന്നാണ്, എന്നാൽ വേദഭാഗം അതിനെ സംബന്ധിച്ച് നിശബ്ദമാണ്. [22]ഇതു ഒരു പക്ഷേ അവൻ പ്രിസ്കില്ലയും അക്വിലാസുമായുള്ള ചർച്ചകൾക്കു ശേഷമാകാം. അങ്ങനെയെങ്കിൽ, പ്രവൃത്തികൾ 19 ലെ ശിഷ്യന്മാർ എന്തുകൊണ്ട് യോഹന്നാന്റെ സ്നാനത്തെ കുറിച്ചു മാത്രം അറിഞ്ഞു എന്നു വിശദീകരിക്കാൻ സഹായകരമാകും. [23]വെസ്റ്റേൺ ടെക്സ്റ്റ് സൂചിപ്പിക്കുന്നത് എഫെസൊസ് സന്ദർശിച്ച ക്രിസ്ത്യാനികൾ അപ്പൊല്ലൊസ് പ്രസംഗിക്കുന്നതു അറിഞ്ഞു അവനെ കൊരിന്തിലേക്കു ക്ഷണിച്ചു. കൂടുതൽ സാദ്ധ്യത പ്രിസ്കില്ലയും അക്വിലാസും കൊരിന്തിലെ സഭയെ കുറിച്ചു പറഞ്ഞപ്പോൾ അവന് അവിടെ പോകണമെന്ന് മതിയായ ആഗ്രഹം ജനിക്കുവാനാണ്. [24]ഇതു സൂചിപ്പിക്കുന്നത് എഫെസൊസിൽ ഒരു ഇടവക സ്ഥാപിച്ചിരുന്നു എന്നാണ്. "സഹോദരന്മാർ" എന്നതിൽ അക്വിലാസും പ്രിസ്കില്ലയും, അവരാലും പൗലൊസിനാലും, (അവന്റെ ചുരുങ്ങിയ സമയത്തിനുള്ളിൽ) പരിവർത്തനം ചെയ്യപ്പെട്ട മറ്റുള്ളവരും ഉൾപ്പെട്ടിരിക്കാം. സഭ പ്രിസ്കില്ലയുടെയും അക്വിലാസിന്റെ ഭവനത്തിൽ അപ്പോൾ കൂടി വന്നിരിക്കയാവാം (1 കൊരിന്ത്യർ 16:19). [25]ഒരു സഹോദരൻ മറ്റെവിടെയെങ്കിലും സുവിശേഷം അറിയിക്കുവാൻ ആഗ്രഹിച്ചാൽ, നമ്മളും, അപ്പോൾ, നിരുത്സാഹപ്പെടാതെ ഉത്സാഹിപ്പിക്കും! [26]ഒരിടവക മറ്റൊരിടവകക്കു എഴുത്ത് കൊടുത്തയക്കുന്ന ഒരു മാതൃകയാണിത്. പ്രിസ്കില്ലയുടെയും അക്വിലാസിന്റെയും പേർ കൊരിന്ത്യ സഭയ്ക്കു സുപ്രധാനമായിരുന്നു. [27]ദൈവ കൃപയാൽ അവർക്കു യേശുവിനെ അറിയുവാനും ക്രിസ്ത്യാനികളായിത്തീരുവാനും അവസരം നല്കി. അവർ കൃപയാൽ രക്ഷിക്കപ്പെടും. [28]ഗ്രീക്കുകാർ വാഗ്വൈഭവത്തിൽ ആവേശം കൊണ്ടിരുന്നു. അതുകൊണ്ടായിരിക്കാം ചിലർ പൗലൊസിനേക്കാൾ അപ്പൊല്ലൊസിനെ ഇഷ്ടപ്പെടാൻ കാരണം (1 കൊരിന്ത്യർ 2:1). എങ്ങനെയായാലും, അപ്പൊല്ലൊസ് തന്നിൽ അതിശയിച്ചവരെ നിരാ

ശപ്പെടുത്തിയില്ല. പൗലൊസിനും അപ്പൊല്ലോസിനും സ്പർദ്ധയോ, അസൂയയോ അവരുടെ ബന്ധത്തിൽ ഉണ്ടായിരുന്നില്ല (1 കൊരിന്ത്യർ 16:12; തിത്തൊസ് 3:13).